# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 144/2025** **തിരുവനന്തപുരം, തീയതി: 01.07.2025**

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം – 2025
### കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ/യുഐടി കോളേജുകളിലേക്കുള്ള ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ/യുഐടി കോളേജുകളിലേക്കുള്ള 2025-26 അധ്യയന വർഷത്തിലെ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് അഡ്മിഷൻ വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in/pg2025) പ്രസിദ്ധീകരിച്ചു.

പ്രൊഫൈലിൽ ലോഗിൻ ചെയ്ത് ട്രയൽ അലോട്ട്മെന്റ് പരിശോധിച്ചതിന് ശേഷം ഓപ്ഷനുകൾ ചേർക്കുന്നതും, ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതും ഉൾപ്പെടെയുള്ള മാറ്റങ്ങൾ വരുത്തുന്നതിന് 2025 ജൂലൈ 2 വരെ വിദ്യാർത്ഥികൾക്ക് അവസരം ഉണ്ടായിരിക്കുന്നതാണ്. പ്രൊഫൈലിൽ മാറ്റങ്ങൾ വരുത്തുന്നവർ ആയതിന്റെ പുതിയ പ്രിന്റൗട്ട് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്. ട്രയൽ അലോട്ട്മെന്റ് വന്നതിന് ശേഷം വിദ്യാർത്ഥികൾ ഓപ്ഷനുകൾ ഉൾപ്പെടെയുള്ള മാറ്റങ്ങൾ വരുത്തുന്നതിനാൽ ട്രയൽ അലോട്ട്മെന്റിൽ ലഭിച്ച കോളേജുകൾക്കും കോഴ്സുകൾക്കും തുടർന്ന് വരുന്ന അലോട്ട്മെന്റുകളിൽ മാറ്റങ്ങൾ വരുവാൻ സാധ്യതയുണ്ട്. ആയതിനാൽ ട്രയൽ അലോട്ട്മെന്റ് ലഭിച്ചു എന്നുള്ളത് കൊണ്ട് മാത്രം അഡ്മിഷൻ ലഭിക്കണമെന്നില്ല.

ഒന്നാം ഘട്ട അലോട്ട്മെന്റ് 2025 ജൂലൈ 3 ന് പ്രസിദ്ധീകരിക്കുന്നതാണ്. ഷെഡ്യൂൾ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## കേരളസർവകലാശാല പഠനവകുപ്പുകളിലേക്കുള്ള പ്രവേശനം 2025 ജൂലൈ 3 ന്

കേരളസർവകലാശാല പഠനവിഭാഗങ്ങളിലേക്കുള്ള എം.എ, എം.എസ്‌സി, എം.ടെക്, എം.സിജെ, എം.കോം, എം.എൽഐഎസ്‌സി, എൽഎൽഎം, എം.എസ്ഡബ്ല്യൂ, എം.എഡ് എന്നീ പ്രോഗ്രാമുകളിലേക്കുള്ള ആദ്യഘട്ട പ്രവേശനം 2025 ജൂലൈ 3 (വ്യാഴാഴ്ച) അതാത് വകുപ്പുകളിൽ നടത്തുന്നതാണ്. ആദ്യഘട്ട അലോട്ട്മെന്റിനായി ഹാജരാകേണ്ട വിദ്യാർത്ഥികൾ അവരുടെ അഡ്മിഷൻ പ്രൊഫൈലിൽ നിന്ന് അഡ്മിഷൻ മെമ്മോ ഡൌൺലോഡ് ചെയ്ത് ആവശ്യമായ രേഖകളോടുകൂടി പ്രവേശന സമയത്ത് ഹാജരാകണം. വിശദവിവരങ്ങൾക്ക്: 0471 – 2308328, മൊബൈൽ - 9188524612, E-mail-csspghelp2025@gmail.com.

## പരീക്ഷാ വിജ്ഞാപനം

കേരളസർവകലാശാല നടത്തുന്ന രണ്ടാം സെമസ്റ്റർ സിബിസിഎസ്എസ് ബിഎ/ബിഎസ്‌സി/ബികോം, ആഗസ്റ്റ് 2025 (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2020 – 2022 അഡ്മിഷൻ, മേഴ്സിചാൻസ് – 2017 & 2019 അഡ്മിഷൻ) പരീക്ഷകളുടെ രജിസ്ട്രേഷൻ ജൂലൈ 2 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാലയുടെ 2025 ആഗസ്റ്റ് 12 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബിഎ/ബികോം/ബിബിഎ എൽഎൽബി ബിരുദ പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## പരീക്ഷാഫലം

കേരളസർവകലാശാല 2025 മാർച്ചിൽ നടത്തിയ അവസാന വർഷ ബിബിഎ ആന്വൽ സ്കീം പ്രൈവറ്റ് രജിസ്ട്രേഷൻ (റെഗുലർ - 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2021 & 2020 അഡ്മിഷൻ, മേഴ്സിചാൻസ് – 2018 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2025 ജൂലൈ 17 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## ടൈംടേബിൾ

കേരളസർവകലാശാല 2025 ജൂലൈ 25, ആഗസ്റ്റ് 20 എന്നീ തീയതികളിൽ ആരംഭിക്കുന്ന ബിഡെസ് (ഫാഷൻ ഡിസൈൻ) കോഴ്സിന്റെ രണ്ട്, നാല് സെമസ്റ്റർ റെഗുലർ, സപ്ലിമെന്ററി, മേഴ്സിചാൻസ് പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബിഎ, ബിഎസ്‌സി, ബികോം, ബിബിഎ, ബിസിഎ, ബിപിഎ, ബിഎംഎസ്, ബിഎസ്ഡബ്ല്യൂ, ബിവോക് എന്നീ സിബിസിഎസ്എസ് (സിആർ) (റെഗുലർ -2023 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2022 അഡ്മിഷൻ, സപ്ലിമെന്ററി - 2020 & 2021 അഡ്മിഷൻ, മേഴ്സിചാൻസ് - 2017 & 2019 അഡ്മിഷൻ), ജൂലൈ 2025 പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## പരീക്ഷാഫീസ്

കേരളസർവകലാശാല നടത്തുന്ന രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബിഎ, ബിഎസ്‌സി, ബികോം, ബിബിഎ, ബിസിഎ, ബിപിഎ, ബിഎംഎസ്, ബിഎസ്ഡബ്ല്യൂ (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2023 അഡ്മിഷൻ, സപ്ലിമെന്ററി - 2020-2022 അഡ്മിഷൻ, മേഴ്സിചാൻസ് - 2017 & 2019 അഡ്മിഷൻ), ബിവോക് (റഗുലർ - 2024 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2023 അഡ്മിഷൻ, സപ്ലിമെന്ററി - 2020-2022 അഡ്മിഷൻ, മേഴ്സിചാൻസ് - 2017 & 2019 അഡ്മിഷൻ), ആഗസ്റ്റ് 2025 എന്നീ സിബിസിഎസ്എസ് (സിആർ) പരീക്ഷകൾക്ക് പിഴകൂടാതെ 2025 ജൂലൈ 9 വരെയും 150 രൂപ പിഴയോടെ ജൂലൈ 12 വരെയും 400 രൂപ പിഴയോടെ ജൂലൈ 15 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല നടത്തിയ ആറാം സെമസ്റ്റർ ബിഎസ്‌സി (സിബിസിഎസ്), ഏപ്രിൽ 2025 പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ ( ഇ.ജെ.II) 2025 ജൂലൈ 2 മുതൽ 8 വരെയുള്ള പ്രവൃത്തിദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

കേരളസർവകലാശാല നടത്തിയ ആറാം സെമസ്റ്റർ ബികോം (159) (സിബിസിഎസ്), ഏപ്രിൽ 2025 പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി.

കാർഡും ഹാൾടിക്കറ്റുമായി റീവാല്യൂവേഷൻ സെക്ഷനിൽ (ഇ.ജെ.VII) 2025 ജൂലൈ 2 മുതൽ 9 വരെയുള്ള പ്രവൃത്തിദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**